# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6459** **11-07-2012-ൽ മറുപടിയ്ക്ക്**

## പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;' | (എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതാധികാര സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഹൈപവർ മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലാ പോലീസ് മേധാവി അദ്ധ്യക്ഷനായുള്ള എസ്.സി/എസ്.ടി മോണിറ്ററിംഗ് കമ്മിറ്റിയും പോലീസ് സർക്കിൾ തലത്തിൽ സർക്കിൾ കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അതിന് ഉത്തരവാദികളാകുന്നവരുടെ മേൽ പട്ടികജാതി/ പട്ടികവർഗ്ഗ പീഡന നിരോധന നിയമം പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനായി എല്ലാ എസ്.എച്ച്.ഒ |

മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, പ്രസ്തുത കേസുകളുടെ അന്വേഷണം ഡി.വൈ.എസ്.പി റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ നടത്തി വരുന്നതുമാകുന്നു. ഈ വിഭാഗക്കാർ അധിവസിക്കുന്ന കോളനികളിലും മറ്റും നിരന്തരമായി സന്ദർശനം നടത്തി പരാതികൾ പരിഹരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും അപ്രകാരം ചെയ്തു വരുന്നതുമാകുന്നു. കൂടാതെ ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ത്രൈമാസ അവലോകന യോഗം നടത്തി ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്താറുണ്ട്.

**(ബി)** ഇത്തരം വിഷയങ്ങളിൽ കാലതാമസം കൂടാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

**(ബി)** കാലതാമസം കൂടാതെ കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

**(സി)** ഇവരുടെ പരാതികൾക്ക് മുൻഗണന നൽകുന്ന കാര്യം ആലോചിക്കുമോ ;

**(സി)** മുൻഗണന നൽകിവരുന്നു.

**(ഡി)** ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ വിളിപ്പിക്കുന്നത് ഒഴിവാക്കുമോ ?

**(ഡി)** ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ വിളിപ്പിക്കുന്നത് പരമാവധി ഒഴിവാക്കി വരുന്നു.

സെക്ഷൻ ഓഫീസർ